اتحاد الطلبة السنيين لعموم كيرلا
SKSSF
STATE COMMITTEE

President:
Sayed Hameed Ali
Shihab Thangal Panakkad
+91 9447004601

Gen.Secretary:
O.P.Muhammed Ashraf
Kuttikadavu
+91 9847360605, +91 80863 05581

Treasurer:
Ayyoob
Muttil
+91 8281913538

**സർക്കുലർ നമ്പർ: 01/24**
**ശാഖ/ക്ലസ്റ്റർ/മേഖല/ജില്ല**
**കമ്മിറ്റിക്ക്**

Date: 01-03-2024

## റമളാൻ വിശുദ്ധിയുടെ കർമ്മ സാഫല്യം
## SKSSF റമളാൻ കാമ്പയിൻ

2024-26 വർഷത്തെ ഭാരവാഹികളായി നിങ്ങളെ തെരഞ്ഞെടുത്തിരിക്കുകയാണല്ലോ. ഉത്തരവാദിത്തം ഭംഗിയോടെയും സമയനിഷ്ടയോടെയും ചെയ്തു തീർക്കാൻ നമുക്ക് സാധിക്കട്ടെ.

കഴിഞ്ഞ 18 വർഷമായി നമ്മുടെ സംഘടനയുടെ കീഴിൽ നടന്ന് വരുന്ന ജീവകാരുണ്യ പ്രവർത്തനമാണ് സഹചാരി റിലീഫ് സെൽ. കഴിഞ്ഞ വർഷങ്ങളിൽ നിങ്ങളുടെ യൂണിറ്റിൽ നിന്നും സഹചാരിക്ക് ലഭിച്ച സഹായം വിലപ്പെട്ടതാണ്. തുടർന്നും നിങ്ങളുടെ സഹകരണം ആവശ്യപ്പെടുന്നു.

ഓരോ വർഷവും ആയിരക്കണക്കിന് രോഗികൾക്ക് ആശ്വാസമാകാൻ നമ്മുടെ പ്രവർത്തനം വഴി സാധിച്ചിട്ടുണ്ട്. വൃക്ക രോഗത്താൽ കഷ്ടപ്പെടുന്ന രോഗികൾക്ക് ഡയാലിസിസ് സഹായങ്ങൾ, വൃക്ക മാറ്റി വെച്ചവർക്ക് മരുന്നിന് സഹായം, കാൻസർ രോഗികൾക്കും ഹൃദ്രോഗികൾക്കും പ്രത്യേക സഹായം, സ്ഥിരമായി മരുന്ന് കഴിക്കുന്ന സാമ്പത്തിക കഷ്ടത അനുഭവിക്കുന്നവർക്ക് സഹായങ്ങൾ തുടങ്ങി വൈവിധ്യമാർന്ന ആതുര സേവന പ്രവർത്തനങ്ങളാൽ സഹചാരി റിലീഫ് സെൽ പ്രതീക്ഷയും അത്താണിയുമായി മാറിയിരിക്കുന്നു. കഴിഞ്ഞ ഒരു വർഷം 1,218 വൃക്കരോഗികൾക്കും 1,690 കാൻസർ രോഗികൾക്കും 692 ഹൃദ്രോഗികൾക്കും റോഡ് അപകടത്തിൽപെട്ട 618 പേർക്കും മറ്റു 2,112 രോഗികൾക്കും പ്രചാരണ കോലാഹലങ്ങളില്ലാതെ ധനസഹായം നൽകാൻ സാധിച്ചു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 552 നിത്യരോഗികൾക്ക് പ്രത്യേക ധനസഹായവും 100 രോഗികൾക്ക് ഡയാലിസിസ് സഹായവും കിഡ്നി മാറ്റി വെച്ച 93 രോഗികൾക്ക് മരുന്നിന് പ്രത്യേക സഹായവും നൽകിവരുന്നു.

തുടർന്നും സഹചാരി സേവനങ്ങൾ മുടങ്ങാതിരിക്കാനും പുതിയ സേവനങ്ങൾ നടപ്പാക്കാനും നിങ്ങളുടെ സഹായ സഹകരണം ആവശ്യമാണ്. ഈ വർഷത്തെ ഫണ്ട് ശേഖരണം മാർച്ച് 15 റമളാനിലെ ആദ്യ വെള്ളിയാഴ്ച നടക്കുകയാണ്. അന്ന് തന്നെ നിർബന്ധമായും ഫണ്ട് ശേഖരിക്കണം.

| **നിങ്ങളുടെ ശാഖയിൽ നിന്ന് കിട്ടിയ സംഖ്യ എത്രയെന്ന് ഓർഗാനെറ്റ് സൈറ്റിൽ അന്ന് തന്നെ റിപ്പോർട്ട് ചെയ്യണം** |
|---|

1. നിശ്ചിത ദിവസത്തിന്റെയും ഒരാഴ്ച മുമ്പ് ഫണ്ട് ശേഖരണത്തിനായി നാട്ടിലേയും മറുനാട്ടിലേയും സഹോദരങ്ങളുടേയും വാട്സ്ആപ്പ് ഗ്രൂപ്പുകൾ തയ്യാറാക്കി ഫണ്ട് ശേഖരണം ആരംഭിക്കണം.
2. മഹല്ല് ജമാഅത്തിനുള്ള കത്ത് നേരത്തെ ബന്ധപ്പെട്ടവർക്ക് നൽകി വെള്ളിയാഴ്ചയിലെ ഫണ്ട് ശേഖരണത്തിനുള്ള ക്രമീകരണം നടത്തണം. കഴിഞ്ഞ വർഷം ശാഖയിലേക്ക് സഹചാരിയിൽനിന്നും ലഭിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ അവരെ ധരിപ്പിക്കണം.
3. ശാഖയിലെ പ്രമുഖർക്കും പ്രമുഖ വ്യവസായ, വാണിജ്യ സ്ഥാപനങ്ങൾക്കും നേരിട്ട് ചേന്ന് ലഘുലേഖ നൽകി വലിയ സംഖ്യ സമാഹരിക്കാൻ പ്രത്യേക ഇടപെടലുകൾ നടത്തണം (ലഘുലേഖയും, കവറും സംസ്ഥാന കമ്മിറ്റി തരും).
4. മാർച്ച് 25 തിങ്കളാഴ്ച വൈകിട്ട് 5 മണിക്ക് മുമ്പായി റസീപ്റ്റ് ബുക്കും സമാഹരിച്ച സംഖ്യയും സംസ്ഥാന ഓഫീസിൽ നേരിട്ടെത്തിക്കുകയോ സഹചാരിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ ചെയ്യണം. ഇതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ ഫണ്ട് സ്വരൂപിച്ച ശാഖ, ക്ലസ്റ്റർ, മേഖല, ജില്ലാ കമ്മിറ്റികളിലെ ഒന്നും രണ്ടും സ്ഥാനക്കാർക്ക് സംസ്ഥാന കമ്മിറ്റി പ്രത്യേക ഉപഹാരം നൽകുന്നതാണ്.
5. ശാഖാതലത്തിൽനിന്ന് പണമോ എക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശ്വസനീയമായ രേഖയോ കൈപ്പറ്റിയതിന് ശേഷമേ റസീപ്റ്റ് എഴുതാവൂ. ബാങ്കിൽ നിക്ഷേപിക്കുമ്പോൾ തിയ്യതി കൃത്യമായി എഴുതാൻ ശ്രദ്ധിക്കണം. റസീപ്റ്റ് എഴുതുമ്പോൾ കാർബൺ പേപ്പർ ഉണ്ടാവണം. റസീപ്റ്റ് കാൻസൽ ചെയ്യേണ്ടിവന്നാൽ അത് ഒരു കാരണവശാലും ഒഴിവാക്കരുത്. റസീറ്റ് ബുക്കിൽ തന്നെ ഉണ്ടാവണം. മേഖലാ ജില്ലാ തലത്തിൽ റസീപ്റ്റ് കൈകാര്യം ചെയ്യുന്നവരും ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**സഹചാരി അപേക്ഷ ഓൺലൈൻ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1 രോഗിയുടെ പൂർണ്ണ വിവരങ്ങൾ കൃത്യമായി ടൈപ്പ് ചെയ്യുക.
2 അപ്ലോഡ് ചെയ്യേണ്ട ഫയലുകൾ ഇമേജ് ഫയലായി മാത്രമേ അപ്ലോഡ് ചെയ്യാവൂ.
3. ഡോക്ടർ റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിലുള്ളതായിരിക്കണം. അതിൽ രോഗിയുടെ പേര്, ഡോക്ടറുടെ സീൽ, ഒപ്പ്, തിയ്യതി നിർബന്ധമാണ്. മരുന്ന് ബില്ല് റിപ്പോർട്ടായി അപ്ലോഡ് ചെയ്യരുത്.
4 രോഗിയുടെ ആധാർ കാർഡ് അപ്ലോഡ് ചെയ്യണം.
5 യൂണിറ്റ് ശുപാർശ കത്ത് ലെറ്റർ ഹെഡിൽ തന്നെയായിരിക്കണം. അതിൽ രോഗിയുടെ കൃത്യമായ വിവരങ്ങൾ എഴുതണം. ശാഖ ജനറൽ സിക്രട്ടറിയുടെ പേര്, ഒപ്പ്, സീൽ, ഫോൺ നമ്പർ എന്നിവ ഉണ്ടായിരിക്കണം.
6 ബാങ്ക് അക്കൗണ്ട് രോഗിയുടെ പേരിൽ ഉള്ളതൊ അല്ലെങ്കിൽ രോഗിയുടെ വീട്ടിലുള്ള ഫാമിലി ലിസ്റ്റിൽ ഉള്ളവർ ആയിരിക്കണം. ബാങ്ക് പാസ്സ് ബുക്കിലെ പേര്, അക്കൗണ്ട് നമ്പർ, IFSC കോഡ് എന്നിവ പാസ്സ് ബുക്കിലെ പോലെ തന്നെ ടൈപ്പ് ചെയ്യണം. ഇത് പ്രത്യേകം ശ്രദ്ധിക്കണം.
7 ഫണ്ട് പാസ്സായാൽ ആറ് ദിവസത്തിനുള്ളിലാണ് അക്കൗണ്ടിലേക്ക് വരുക.
8 അപേക്ഷ കൊടുത്ത് കഴിഞ്ഞാൽ മുഴുവൻ കാര്യങ്ങളും യൂണിറ്റ് ഓർഗാനെറ്റിലെ സഹചാരി ലിങ്കിൽ കാണാവുന്നതാണ്.
9 അപേക്ഷയുമായി വല്ല പരാതിയും ഉണ്ടെങ്കിൽ ശാഖ ജനറൽ സെക്രട്ടറി മേഖല ജനറൽ സിക്രട്ടറിയുമായി ബന്ധപ്പെടുക.

**ജനറൽ സെക്രട്ടറി**
എസ്.കെ.എസ്.എസ്.എഫ് സംസ്ഥാന കമ്മിറ്റി